**പതിമൂന്നാം കേരള നിയമസഭ**

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി
# (2014-2016)

## പതിനാറാമത് റിപ്പോർട്ട്

**[സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (1998-2001)യുടെ പതിനാലാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

(2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി

# (2014-2016)

## പതിനാറാമത് റിപ്പോർട്ട്

**[സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (1998-2001)യുടെ പതിനാലാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

(2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

437/2016.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| ആമുഖം | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| ഭാഗം I | | .. | 2 |
| ഭാഗം II | : സർക്കാരിൽ നിന്നും അനന്തര നടപടി റിപ്പോർട്ട് ലഭ്യമാകാത്ത ശിപാർശകൾ | .. | 18 |
| അനുബന്ധം | : സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മഹിളാ മന്ദിരങ്ങളെ സംബന്ധിച്ച വിശദവിവരം | .. | 19 |

സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം
സംബന്ധിച്ച സമിതി (2014-16)

## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ഡോ. എൻ. ജയരാജ്

അംഗങ്ങൾ :

ശ്രീമതി ഇ. എസ് . ബിജിമോൾ

ഡോ. കെ. ടി. ജലീൽ

ശ്രീമതി കെ. കെ. ലതിക

ശ്രീ. സി. മോയിൻകുട്ടി

ശ്രീമതി കെ. എസ് . സലീഖ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. ഉബൈദുള്ള

ശ്രീ. എം. പി. വിൻസെന്റ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി കവിത ഉണ്ണിത്താൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, അണ്ടർ സെക്രട്ടറി

ശ്രീ. റ്റി. എസ്. പ്രേമാനന്ദ്, അണ്ടർ സെക്രട്ടറി.

# ആമുഖം

സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതിക്ക് ലഭിച്ച പരാതികളുടെയും സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെയും സമിതി നടത്തിയ തെളിവെടുപ്പുകളുടെയും അടിസ്ഥാനത്തിൽ സമിതി (1998-2001) 2001 മാർച്ച് 7-ാം തീയതി സഭയിൽ സമർപ്പിച്ച പതിനാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2016 ഫെബ്രുവരി 18-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഡോ. എൻ. ജയരാജ്,
*അദ്ധ്യക്ഷൻ,*
*സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

# റിപ്പോർട്ട്

പത്താം കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (1998-2001)യുടെ പതിനാലാമത് റിപ്പോർട്ട് 2001 മാർച്ച് 7-ന് സഭയിൽ സമർപ്പിച്ചു.

സമിതിക്ക് ലഭിച്ച പരാതികളുടെയും സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെയും സമിതി നടത്തിയ തെളിവെടുപ്പുകളുടെയും അടിസ്ഥാനത്തിലായിരുന്നു പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കിയിരുന്നത്. സമിതിയുടെ ഇടപെടൽമൂലം പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ട കേസുകളും പ്രസ്തുത റിപ്പോർട്ടിൽ അനുബന്ധമായി ചേർത്തിരുന്നു. റിപ്പോർട്ടിൽ ആകെ 18 ശിപാർശകളുണ്ടായിരുന്നു.

സമിതി (1998-2001)യുടെ പതിനാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അനന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി റിപ്പോർട്ടിന്റെ പകർപ്പ് 23-10-2001-ന് ആഭ്യന്തരം, ഗതാഗതം, സാമൂഹ്യനീതി, ആരോഗ്യവും കുടുംബക്ഷേമവും എന്നീ വകുപ്പുകൾക്ക് അയച്ചിരുന്നു. ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട 12 ശിപാർശകളും സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട മൂന്ന് ശിപാർശകളും ആരോഗ്യവും കുടുംബക്ഷേമവും, ഗതാഗതം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട രണ്ട് ശിപാർശകൾ വീതവും റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്നു. നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിനാൽ ആഭ്യന്തരം, ആരോഗ്യവും കുടുംബക്ഷേമവും എന്നീ വകുപ്പുകളിൽനിന്ന് യഥാക്രമം 18-1-2012, 14-5-2014 എന്നീ തീയതികളിൽ തെളിവെടുപ്പ് നടത്തിയിരുന്നു.

റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും ഉൾപ്പെടുന്നതാണ് ഈ ആക്ഷൻ ടേക്കൺ റിപ്പോർട്ട്. റിപ്പോർട്ട് രണ്ട് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ ശിപാർശകളും അവയ്ക്ക് സർക്കാരിൽനിന്ന് ലഭിച്ച സമിതി അംഗീകരിച്ച നടപടി റിപ്പോർട്ടുകളും ഉൾക്കൊള്ളിച്ചിരിക്കുന്നു. രണ്ടാം ഭാഗത്തിൽ ആഭ്യന്തര വകുപ്പിൽനിന്ന് ഇനിയും മറുപടി ലഭിക്കുവാനുള്ള ശിപാർശകളും ഉൾക്കൊള്ളിച്ചിരിക്കുന്നു.

ഖണ്ഡിക 107, 108, 109 എന്നിവയിലെ ശിപാർശകളിന്മേൽ സാമൂഹ്യനീതി വകുപ്പിൽ നിന്നും ലഭിച്ച വിശദവിവരം സംബന്ധിച്ച (സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മഹിളാ മന്ദിരങ്ങളെ സംബന്ധിച്ച വിശദവിവരം) സ്റ്റേറ്റ്മെന്റ് അനുബന്ധമായും ഉൾക്കൊള്ളിച്ചിരിക്കുന്നു.

437/2016.

ഭാഗം I

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 17 | കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷനിലെ ക്രൈം 141/96 കേസന്വേഷണത്തിൽ വീഴ്ചവരുത്തിയ അന്വേഷണ ഉദ്യോഗസ്ഥനായ സർക്കിൾ ഇൻസ്പെക്ടർ ശ്രീ. പി. ജെ. രമേശിനെതിരെ സ്വീകരിച്ച നടപടിയിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി കുറ്റവാളികൾക്ക് കുറ്റകൃത്യങ്ങൾ സുഗമമായി നടത്താൻ പ്രേരണ നൽകുന്ന നിയമപാലകന്മാരുടെ വാർഷിക ശമ്പളവർദ്ധനവ് തടഞ്ഞു കൊണ്ടുള്ള ഡിപ്പാർട്ട്മെന്റൽ ആക്ഷൻ കുറ്റകൃത്യത്തിന്റെ ഗൗരവവുമായി തട്ടിച്ചുനോക്കുമ്പോൾ മതിയായ ശിക്ഷയായി കാണാൻ കഴിയില്ലെന്ന് ചൂണ്ടിക്കാട്ടുന്നു. അതിക്രമങ്ങളിൽ നിന്നും രക്ഷിച്ച് ജനങ്ങളുടെ സംരക്ഷണം ഉറപ്പ് വരുത്താൻ പ്രതിജ്ഞാബദ്ധരായ ഇക്കൂട്ടർക്ക് മറ്റുള്ളവർക്കുകൂടി ഒരു പാഠമാകാൻ പര്യാപ്തമാകുമാറ് കനത്തശിക്ഷ നൽകണമെന്ന സമിതിയുടെ മുൻ റിപ്പോർട്ടുകളിലെ ശിപാർശ ഇവിടെ ആവർത്തിക്കുന്നു. | **ആഭ്യന്തര വകുപ്പ്** <br> (30-1-2010-ലെ 85543/ജെ3/2010/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്) <br> കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം 141/96 നമ്പർ കേസിന്റെ അന്വേഷണത്തിൽ വീഴ്ചവരുത്തിയ അന്നത്തെ കാഞ്ഞിരപ്പള്ളി സി.ഐ. ശ്രീ. പി. ജെ. രമേഷിന്റെ ഒരു വർഷത്തെ വാർഷിക വേതന വർദ്ധനവ് ആവർത്തന സ്വഭാവത്തോടെ തടഞ്ഞു കൊണ്ടുള്ള എറണാകുളം മേഖലാ ഡി.ഐ.ജി.-യുടെ ശിക്ഷാ ഉത്തരവ് പി.ആർ. മിനിട്ട്സുമായി പരിശോധിക്കുകയും വിശദമായി വിലയിരുത്തുകയും ചെയ്തതിൽ ടിയാനെതിരെ ഇക്കാര്യത്തിൽ ഉയർന്നുവന്നിട്ടുള്ള തെളിവുകളുമായി തട്ടിച്ചുനോക്കുമ്പോൾ നൽകിയ ശിക്ഷ തികച്ചും ഉചിതവും പര്യാപ്തവുമാണെന്ന് ബോധ്യപ്പെട്ടതായി പോലീസ് ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. <br> (9-3-2011-ലെ യോഗത്തിൽ അംഗീകരിച്ചു.) |

| 1 | 2 | 3 | 4 |
|---|---|---|---|
| 2 | 31 | ശ്രീ. മത്തായിയുടെ മകളുടെ മരണം സംബന്ധിച്ച വിഷയത്തിൽ, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ബാദ്ധ്യസ്ഥരും ജനസേവകരുമൊക്കെയായി പ്രവർത്തിക്കേണ്ട പോലീസ് സേനയിലെ ഒരംഗം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതും കുറ്റവാളികളെ സംരക്ഷിക്കുന്ന തരത്തിൽ പ്രവർത്തിക്കുന്നതും മനുഷ്യാവകാശ ലംഘനം നടത്തുന്നതും തികഞ്ഞ ഗൗരവത്തോടെ കാണേണ്ടതും അത്തരക്കാർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് ശിപാർശ ചെയ്യുന്നു. | **ആഭ്യന്തര വകുപ്പ്**<br>(11-6-2010-ലെ 50390/ഡി2/2005/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>സ്ത്രീപീഡന കേസുകളിലും മറ്റ് ക്രിമിനൽ കേസുകളിലും ഉൾപ്പെട്ടിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് അവർ ചെയ്തിട്ടുള്ള കുറ്റത്തിന്റെ ഗൗരവം കണക്കിലെടുത്ത് നിയമം അനുശാസിക്കുന്ന രീതിയിൽ യാതൊരു പരിഗണനയും നൽകാതെ, വകുപ്പുതല ശിക്ഷണ നടപടികളും ക്രിമിനൽ കേസും സ്വീകരിക്കാനും പരമാവധി ശിക്ഷ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട എല്ലാ എ.ഡി.ജി.പി.മാർക്കും റേഞ്ച് ഐ.ജി.പി.മാർക്കും കർശനനിർദ്ദേശം നൽകിയിട്ടുള്ളതാണ്. അത് അർഹിക്കുന്ന ഗൗരവത്തോടെ നടപ്പിലാക്കുന്നുണ്ടോയെന്നും നിരീക്ഷിച്ചു വരുന്നുണ്ട്.<br>(29-10-2010-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 3 | 65 | പ്രതി വിദേശത്താണെന്നുള്ള കാരണത്താൽ പല സ്ത്രീപീഡന കേസുകളിലെയും . പ്രതികൾ അറസ്റ്റിൽ നിന്നും അന്വേഷണങ്ങളിൽ നിന്നും ഒഴിവാകുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആകയാൽ | **ആഭ്യന്തര വകുപ്പ്**<br>(30-11-2010-ലെ 85543/ജെ3/2010/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>ആലുവ പേങ്ങോട്ടു പറമ്പിൽ ബീവിയുടെ മരണം സംബന്ധിച്ച് ആലുവ പോലീസ് സ്റ്റേഷൻ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | സ്ത്രീപീഡന കേസുകളിലെ പ്രതികൾ എവിടെയായിരുന്നാലും നിർബന്ധമായും നാട്ടിൽ വരുത്തുന്നതിനും കേസ് വിചാരണയിൽ ഭാഗഭാക്കാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും നിലവിലുള്ള നിയമം അപര്യാപ്തമാണെങ്കിൽ ഇതിന് ആവശ്യമായ നിയമ നിർമ്മാണം തന്നെ നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ക്രൈം നമ്പർ 151/98 ആയി രജിസ്റ്റർ ചെയ്തിരുന്ന കേസിലെ ഒന്നാം പ്രതിയായ അബ്ദുൾ സലാമിനെ സൗദിയിൽ നിന്നും നാട്ടിൽ വരുത്തി 22-4-2004-ന് കോടതിയിൽ ഹാജരാക്കി വിചാരണ നടപടികൾക്ക് വിധേയനാക്കിയിട്ടുണ്ട്.<br>(9-3-2011-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 4 | 73 | അന്വേഷണങ്ങളിൽ കൃത്യവിലോപം കാട്ടുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള നടപടി സ്വീകരിക്കൽ വെറും താക്കീതിലോ ഇൻക്രിമെന്റ് ബാറിലോ ഒതുക്കാതെ മറ്റുള്ളവർക്കുകൂടി ഇത്തരം കുറ്റകൃത്യങ്ങൾക്ക് കൂട്ടുനിൽക്കുവാൻ ഭയം തോന്നിക്കുമാറ് കനത്ത ശിക്ഷ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **ആഭ്യന്തര വകുപ്പ്**<br>(17-1-2012-ലെ 85541/ജെ1/ ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>സമിതിയുടെ ശിപാർശയിന്മേൽ ആവശ്യമായ പൊതു നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും (സിറ്റി ആന്റ് റൂറൽ) സംസ്ഥാന പോലീസ് മേധാവിയുടെ 5/11-ലെ K9.89593/05 നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.<br>(15-5-2012-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 5 | 77 | ബലാൽസംഗ കേസുകൾ പ്രതികളുടെ മാനസികനിലകൂടി കണക്കിലെടുത്ത് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും | |

| 1 | 2 | 3 | 4 |
|---|---|---|---|
| | | പോലീസ് ഉദ്യോഗസ്ഥരിൽ നിന്നും മനുഷ്യത്വപരമായ സമീപനം ഉണ്ടാകുന്നതിനുമായി ഇക്കൂട്ടർക്ക് പ്രത്യേക പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **ആഭ്യന്തര വകുപ്പ്** (29-3-2014-ലെ 37005/എ 5/13/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്) ബലാൽസംഗ കേസുകൾ കൈകാര്യം ചെയ്യുമ്പോൾ പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും മനുഷ്യത്വപരമായ സമീപനം ഉണ്ടാകുന്നതിലേക്കുള്ള പരിശീലനവും പ്രത്യേക നിർദ്ദേശങ്ങളും നൽകുന്നതിന് ഉന്നത പോലീസ് ഉദ്യോഗസ്ഥർക്കും ജില്ലാ പോലീസ് മേധാവികൾക്കും ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. (13-8-2014-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 6 | 78 | ബലാൽസംഗ കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക കോടതി നിലവിൽ വരേണ്ടത് അത്യാവശ്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. | **ആഭ്യന്തര വകുപ്പ്** (23-6-2015-ലെ 37006/സി5/2013/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും കുറ്റകൃത്യങ്ങളും ലൈംഗിക കേസുകളും കൈകാര്യം ചെയ്യുന്നതിന് സ.ഉ. (എംഎസ്.) 13/2013/ആഭ്യന്തരം തീയതി 18-1-2013 പ്രകാരം എറണാകുളത്ത് പ്രത്യേക കോടതി സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് ഇത്തരം കോടതി സ്ഥാപിക്കാൻ 6-5-2014 തീയതിയിലെ ജി.ഒ. (എംഎസ്.) നമ്പർ 87/2014/ആഭ്യന്തരം ഉത്തരവ് പ്രകാരം |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | അംഗീകാരവും കോഴിക്കോട് ജില്ലയിൽ 25-2-2014 തീയതിയിലെ ജി.ഒ. (എംഎസ്.) നമ്പർ 39/2014/ആഭ്യന്തരം ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരവും നൽകിയിട്ടുണ്ട്. മുൻഗണനാ ക്രമത്തിൽ ഇവ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതു കൂടാതെ സ.ഉ.(പി)22/09/ സാക്ഷേവ. തീയതി 3-6-2009 പ്രകാരം എല്ലാ ജില്ലകളിലേയും പ്രിൻസിപ്പൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതികൾ കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിനായുള്ള പ്രത്യേക കോടതികളായി നാമനിർദ്ദേശം ചെയ്തിട്ടുണ്ട്.<br><br>എന്നാൽ അടുത്തകാലത്ത് പ്രിൻസിപ്പൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതികളിൽ ജോലിഭാരം കൂടുതലായതിനാൽ ഈ കോടതികളിൽ നിക്ഷിപ്തമായ അധികാരം മാറ്റി എല്ലാ ജില്ലകളിലെയും അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതി I-കളെ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രത്യേക കോടതികളായി ഉത്തരവ് പുറപ്പെടുവിക്കണെ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | മെന്ന് ഹൈക്കോടതി ശിപാർശ ചെയ്യുകയും ആയതിൻപ്രകാരം 31-3-2015-ലെ സ.ഉ. (അച്ചടി) നമ്പർ 23/15/സാനീവ. പ്രകാരം വിജ്ഞാപനമായിട്ടുണ്ട്.<br>(5-8-2015-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 7 | 89 | ശ്രീമതി വിലതയെ സഹോദരൻ വീട്ടിൽ കയറി മർദ്ദിച്ചതിനെതിരെ നടപടി എടുക്കണമെന്നാവശ്യപ്പെട്ട് ടിയാൾ സമർപ്പിച്ച പരാതി വിഷയത്തിൽ യഥാസമയം കേസ് രജിസ്റ്റർ ചെയ്യാതിരുന്ന എസ്.ഐ. ശ്രീ. സർജ്ജു പ്രസാദിനെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കാനും ഇത്തരം വീഴ്ചകൾ വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാനും സമിതി ശിപാർശ ചെയ്യുന്നു. | **ആഭ്യന്തര വകുപ്പ്**<br>(11-6-2010-ലെ 50390/ഡി2/05/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>ശ്രീമതി വിലതയുടെ പരാതിയുടെ അടിസ്ഥാനത്തിൽ അന്നത്തെ കല്ലമ്പലം പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ. സർജ്ജു പ്രസാദ് അടിയന്തര നടപടികൾ സ്വീകരിക്കാത്തതിന് ടിയാനെതിരെ തിരുവനന്തപുരം റെയിഞ്ച് ഐ.ജി.പി. ഒരു വാച്യാന്വേഷണത്തിന് ഉത്തരവിടുകയും ഒരു സെൻഷർ ശിക്ഷയായി നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരം സംഭവങ്ങളിൽ കുറ്റത്തിന്റെ ഗൗരവം കണക്കിലെടുത്ത് വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥന്മാർക്ക് അവരർഹിക്കുന്ന ഉയർന്ന ശിക്ഷകൾ നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.<br>(29-10-2010-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 8 | 97 | ഒരു വിവാഹബന്ധം നിലനിൽക്കേ വീണ്ടുമൊരു വിവാഹത്തിൽ ഏർപ്പെടുകയോ വേറൊരു സ്ത്രീയുമായി കഴിയുന്നതായി കണ്ടുപിടിക്കുകയോ ചെയ്യുന്ന | **ആഭ്യന്തര വകുപ്പ്**<br>(11-6-2010-ലെ 50390/ഡി2/05/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>ഒരു വിവാഹബന്ധം നിലനിൽക്കേ |

<table>
<tr><th>1</th><th>2</th><th>3</th><th>4</th></tr>
<tr><td></td><td></td><td>കേസുകൾ ഗൗരവമായി കാണുകയും മറ്റുള്ളവർക്ക് ഒരു പാഠമാകത്തക്ക രീതിയിൽ ഇവയ്ക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</td><td>വീണ്ടുമൊരു വിവാഹബന്ധത്തിൽ ഏർപ്പെടുന്നവർക്കെതിരെ നിലവിലുള്ള നിയമപ്രകാരം ശക്തമായ നടപടികൾ എടുത്തു വരുന്നു.<br>(29-10-2010-ലെ യോഗത്തിൽ അംഗീകരിച്ചു.)</td></tr>
<tr><td>9</td><td>107</td><td>സർക്കാരിന്റെ സാമ്പത്തിക പരിമിതികളുള്ളിൽ നിന്നുകൊണ്ട് മഹിളാ മന്ദിരങ്ങൾക്ക് സ്വന്തമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</td><td rowspan="3">സാമൂഹ്യനീതി വകുപ്പ്<br>(5-12-2007-ലെ 999/ബി3/2007/സാക്ഷേവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 12 മഹിളാ മന്ദിരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുള്ളതാണ്. ഈ മഹിളാമന്ദിരങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളും അത്യാവശ്യ ഭൗതിക സൗകര്യങ്ങളും ലഭ്യമാക്കുന്നതിനായി 2007-08 സാമ്പത്തിക വർഷം എല്ലാ ക്ഷേമ സ്ഥാപന സൂപ്രണ്ടുമാരും അതത് ബ്ലോക്ക് പഞ്ചായത്ത് അധികൃതർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. സ്വന്തം കെട്ടിടം ഇല്ലാത്ത മഹിളാ മന്ദിരങ്ങൾക്ക് ഉടൻ കെട്ടിട പണി പൂർത്തിയാക്കുന്നതാണ്. ഇതു സംബന്ധിച്ച് വിശദമായ സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം സമർപ്പിക്കുന്നു. വയനാട്, ഇടുക്കി ജില്ലകളിൽ മഹിളാ മന്ദിരങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സാമൂഹ്യക്ഷേമ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.<br>(4-6-2008-ലെ യോഗത്തിൽ അംഗീകരിച്ചു.)<br>(മഹിളാ മന്ദിരങ്ങൾ സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.)</td></tr>
<tr><td>10</td><td>108</td><td>രോഗികളായ അന്തേവാസികളെ ആശുപത്രിയിലെത്തിക്കുന്നതിന് സ്വന്തമായ വാഹനസൗകര്യം ലഭ്യമാക്കണമെന്നും കൂടാതെ ടെലിഫോണും മറ്റ് അത്യാവശ്യ ഭൗതിക സൗകര്യങ്ങളും ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.</td></tr>
<tr><td>11</td><td>109</td><td>മേൽപ്പറഞ്ഞ സാഹചര്യങ്ങൾ നടപ്പിലാക്കുന്നതിന് സന്നദ്ധ സംഘടനകളുടെയോ തദ്ദേശ സ്ഥാപനങ്ങളുടെയോ സഹായം തേടണമെന്നും പഞ്ചായത്ത് അധികാരികളുമായി ബന്ധം പുലർത്തി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി അശരണരും ആലംബഹീനരുമായ സ്ത്രീകളെ സംരക്ഷിക്കുന്നതിനുള്ള ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം ഫലപ്രദമായി നിലനിർത്തണമെന്നും അബലാമന്ദിരങ്ങൾ ഇല്ലാത്ത ജില്ലകളിൽ (വയനാട്, ഇടുക്കി) കൂടി പ്രവർത്തനം തുടങ്ങുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</td></tr>
</table>

| 1 | 2 | 3 | 4 |
|---|---|---|---|
| 12 | 126 | ബസ് യാത്രക്കാരായ സ്ത്രീകളോടും വിദ്യാർത്ഥിനികളോടും അപമര്യാദയായി പെരുമാറുന്ന ഡ്രൈവർ, കണ്ടക്ടർ എന്നിവരുടെ ലൈസൻസ് സസ്പെന്റ് ചെയ്യുകയും വേണ്ടിവന്നാൽ റദ്ദാക്കുകയും ചെയ്യുമെന്ന് ഗതാഗത വകുപ്പിൽ നിന്ന് പത്രക്കുറിപ്പ് പുറപ്പെടുവിച്ചുവെങ്കിലും ഇപ്പോഴും പ്രശ്നങ്ങൾ നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ പത്രക്കുറിപ്പിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പ്രാവർത്തികമാക്കണമെന്നും അതുപോലെ വിദ്യാർത്ഥികൾക്കും മറ്റ് യാത്രക്കാർക്കും ഇത്തരത്തിലുള്ള പീഡനങ്ങൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള സ്ഥിരം സംവിധാനം സൃഷ്ടിക്കപ്പെടണമെന്നും സമിതി ആവശ്യപ്പെടുന്നു. ഗതാഗത വകുപ്പിന്റെയും പോലീസിന്റെയും സ്പെഷ്യൽ സ്ക്വാഡ് ഇടയ്ക്കിടെ മിന്നൽ പരിശോധന നടത്തി സ്ഥിതിഗതികൾ വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **ആഭ്യന്തര വകുപ്പ്**<br>(26-10-2010-ലെ 50499/ജെ2/2005/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ യാത്രാ വാഹനങ്ങൾ സ്റ്റോപ്പുകളിൽ നിർബന്ധമായും നിർത്തുന്നതിനും സ്ത്രീകളുടെ സീറ്റിൽ പുരുഷന്മാർ യാത്രചെയ്യുന്നത് ഒഴിവാക്കുന്നതിനും ബസ് ജീവനക്കാരും പുരുഷ യാത്രക്കാരും സ്ത്രീയാത്രക്കാരോടും വിദ്യാർത്ഥിനികളോടും അപമര്യാദയായി പെരുമാറുന്ന സംഭവങ്ങൾ തടയുന്നതിനും പോലീസിന്റെ സ്ക്വാഡുകൾ ഗതാഗത വകുപ്പ് ഉദ്യോഗസ്ഥരുമായി സഹകരിച്ച് സർപ്രൈസ് ചെക്ക് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ എല്ലാ ജില്ലാ പോലീസ് അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നതുമാണ്.<br>(9-3-2011-ലെ യോഗത്തിൽ അംഗീകരിച്ചു.)<br>**ഗതാഗത വകുപ്പ്**<br>(6-11-2004-ലെ 14507/ബി2/2001/ട്രാൻ. നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>സ്ത്രീകളോടും കുട്ടികളോടും വികലാംഗരോടും ബസ് ജീവനക്കാരിൽ നിന്നും ഉണ്ടാകുന്ന അപമര്യാദയായ പെരുമാറ്റം നിയന്ത്രിക്കുന്നതിന് മോട്ടോർ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | 7-12-2014-ൽ സമിതി ആരാഞ്ഞ അധികവിവരം<br><br>റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന 156 കേസുകൾ ഏത് കാലയളവിലുള്ളതാണെന്നും പ്രസ്തുത കേസുകളിൽ ആരെങ്കിലും ശിക്ഷിക്കപ്പെട്ടിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് ആരായുവാനും മൂന്ന് മാസത്തിലൊരിക്കൽ മിന്നൽ പരിശോധന നടത്തി കേസിന്റെ സ്വഭാവമുൾപ്പെടെയുള്ള ജില്ലതിരിച്ചുള്ള റിപ്പോർട്ട് നൽകാനും സമിതി നിർദ്ദേശിച്ചു. | വാഹന വകുപ്പ് നിരന്തരമായി പരിശോധന നടത്തുകയും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ സ്പെഷ്യൽ സ്ക്വാഡ് സംസ്ഥാനത്തുടനീളം മിന്നൽ പരിശോധന നടത്തിയതിൽ 156 കേസുകൾ പിടിക്കപ്പെടുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>(7-12-2004-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)<br><br>**ഗതാഗത വകുപ്പ്**<br>(30-11-2013-ൽ 3689/ബി2/2005/ഗതാഗത നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ അധിക വിവര റിപ്പോർട്ട്)<br>വിദ്യാർത്ഥികൾ നേരിടുന്ന യാത്രാക്ലേശം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിവിധ ഉത്തരവുകൾ അനുസരിച്ച് മോട്ടോർ വാഹന വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 18-9-1990 ജി.ഒ. (ആർടി.) 1324/90/പി.ഡബ്ല്യു&ടി. എന്ന ഉത്തരവ് പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ കൺസെഷൻ കാർഡുകൾ വിതരണം ചെയ്യുന്ന |

| 1 | 2 | 3 | 4 |
| --- | --- | --- | --- |
| | | | ചുമതല ജില്ലാതല സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റിക്കാണ്. സർക്കാർ ഉത്തരവനുസരിച്ച്, അദ്ധ്യയനവർഷം ആരംഭിക്കുന്നതിന് മുൻപ് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് ഡിസ്ട്രിക്റ്റ് സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി യോഗം വിളിച്ചുചേർത്ത് ഉചിതമായി തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.<br><br>ട്രാൻസ്പോർട്ട് കമ്മീഷണർ പൊതുജനങ്ങൾക്കായി പുതിയ ഒരു പരാതി സെൽ ആരംഭിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും വികലാംഗർക്കുമുള്ള യാത്രാക്ലേശം സംബന്ധിച്ച പരാതികൾ സെല്ലിൽ അറിയിക്കുന്ന സാഹചര്യത്തിൽ ഇത്തരം പരാതികൾക്ക് അടിയന്തര പ്രാധാന്യം നൽകി നടപടി കൈക്കൊള്ളുന്നതായിരിക്കും. കൂടാതെ മോട്ടോർ വാഹന വകുപ്പിൽ പുതിയതായി എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പ്രവർത്തനം ആരംഭിച്ചതിനെത്തുടർന്ന് ഈ മേഖലയിലും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സ്ത്രീകളോടും കുട്ടികളോടും വികലാംഗരോടും ബസ്സ് ജീവനക്കാർ അപമര്യാദയായി പെരുമാറിയതുമായി |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ബന്ധപ്പെട്ട 156 കേസ്സുകളിൽ 120 എണ്ണം 3-3-2002 മുതൽ 4-3-2003 വരെയും 36 എണ്ണം 14-7-2004 വരെയുള്ളതും ആകുന്നു. ഇവയിൽ 126 കേസ്സുകളിലായി 16,700 രൂപ പിഴ ഈടാക്കുകയുണ്ടായി. എന്നാൽ 30 കേസ്സുകളിൽ നിയമലംഘനം നടന്നതായി കാണാത്തതിനാൽ മേൽ നടപടികൾ എടുക്കുകയുമുണ്ടായില്ല. ഈ കേസുകളെല്ലാം മോട്ടോർ വാഹന നിയമപ്രകാരം കണ്ടെത്തുന്ന കുറ്റങ്ങൾ ആയതിനാൽ പ്രസ്തുത നിയമത്തിൽ അനുശാസിച്ചിട്ടുള്ള പിഴ ഈടാക്കുക മാത്രമാണ് കുറ്റക്കാർക്കെതിരെ നടപടിയായി സ്വീകരിച്ചിട്ടുള്ളത്. എന്നാൽ കുറ്റങ്ങൾ ആവർത്തിക്കുന്നപക്ഷം ലൈസൻസ് സസ്പെന്റ് ചെയ്യുക, വാഹന ഉടമകൾക്കെതിരെ നടപടിയെടുക്കുക തുടങ്ങിയ ശിക്ഷാനടപടികൾ എടുക്കുന്നതാണ്.<br><br>സർക്കാരിന്റെ 2-2-2012-ലെ ജി.ഒ. (പി) നമ്പർ 5/2012/ഗതാഗതം ഉത്തരവനുസരിച്ച് സംസ്ഥാനത്തെ എല്ലാ കെ.എസ്.ആർ.ടി.സി./ പ്രൈവറ്റ് സ്റ്റേജ് കാര്യേജുകളിലും ബസ്സിലെ കണ്ടക്ടറുടെയും ഡ്രൈവറുടെയും സീറ്റുകൾ ഒഴികെയുള്ള മൊത്തം സീറ്റിന്റെ 5% |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | സീറ്റുകളും വികലാംഗർക്കായി സംവരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ സംവരണം ചെയ്ത 5% സീറ്റുകളിൽ ഒരു സീറ്റ് കണ്ടക്ടറുടെ സീറ്റിന്റെ മുൻവശത്തായി പുരുഷൻമാരായ വികലാംഗർക്ക് ഇരുന്ന് യാത്ര ചെയ്യാൻ ഉതകുന്ന രീതിയിലും ഒരു സീറ്റ് ബസിന്റെ വാതിലിന് സമീപത്ത് സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ സ്ത്രീകളായ വികലാംഗർക്ക് ഇരുന്ന് യാത്ര ചെയ്യാൻ ഉതകുന്ന രീതിയിലും ക്രമീകരിച്ചിട്ടുണ്ട്. സീറ്റുകൾ ക്രമീകരിക്കുമ്പോൾ വികലാംഗർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ ടയറിന്റെ മുകൾഭാഗത്ത് വരാത്ത വിധത്തിൽ സീറ്റ് സ്ഥാപിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ നൽകിയ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് വാഹന പരിശോധന നടത്തുമ്പോഴും വാഹനത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുമ്പോഴും ഉറപ്പുവരുത്തുന്നുണ്ട്. ഇതിനു വിപരീതമായി പ്രവർത്തിക്കുന്ന ഓപ്പറേറ്റർമാർക്കെതിരെ കർശന നടപടികൾ കൈക്കൊണ്ടുവരുന്നു. (30-4-2014-ലെ യോഗത്തിൽ റിപ്പോർട്ട് സമിതി അംഗീകരിച്ചു.) |

| 1 | 2 | 3 | 4 |
|---|---|---|---|
| 13 | 128 | തൃശ്ശൂരിലും ഷൊർണ്ണൂരിലും പരിസര പ്രദേശങ്ങളിലുമുള്ള വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വനിതാ ജീവനക്കാർ യാത്രയ്ക്ക് കൊച്ചിൻ-ഷൊർണ്ണൂർ പാസഞ്ചർ ട്രെയിനിനെയാണ് ആശ്രയിക്കുന്നതെന്നും രാവിലെ 7.17-ന് എറണാകുളം സൗത്തിൽ നിന്നും പുറപ്പെടേണ്ട പ്രസ്തുത ട്രെയിൻ സാധാരണയായി 8 മണിക്കാണ് പുറപ്പെടുന്നതെന്നും രാവിലെ 9.15-ന് തൃശ്ശൂർ എത്തേണ്ട പ്രസ്തുത ട്രെയിൻ 10.30-നാണ് എത്തുന്നതെന്നും ആയതിനാൽ ഹർജിക്കാർക്ക് ഓഫീസുകളിൽ സ്ഥിരമായി താമസിച്ചേ എത്താൻ കഴിയുന്നുള്ളുവെന്നും വൈകുന്നേരവും പ്രസ്തുത ട്രെയിനിന്റെ സമയക്രമംമൂലം വനിതാ യാത്രക്കാർ ധാരാളം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുവെന്നും ആയിരുന്നു പരാതി. കൂടാതെ ഒരു ലേഡീസ് കമ്പാർട്ട്മെന്റ് മാത്രം ഉള്ള മേൽപ്പറഞ്ഞ ട്രെയിനുകളിൽ കുറഞ്ഞത് ഒരു കമ്പാർട്ട്മെന്റ് എങ്കിലും കൂടുതലായി അനുവദിക്കണമെന്നും പരാതിയിൽ ആവശ്യപ്പെട്ടിരുന്നു. സമിതി പ്രസ്തുത പരാതി പരിഗണിച്ചശേഷം സ്ത്രീകളുടെ യാത്രാബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി | **ഗതാഗത വകുപ്പ്**<br>(15011/ഡി2/2001/ട്രാൻ. നമ്പർ കത്തു മുഖേന ലഭിച്ചത്)<br>എറണാകുളം-ഷൊർണ്ണൂർ 648 പാസഞ്ചർ ട്രെയിൻ ഒരു മാസം ഒന്നോ രണ്ടോ തവണ അവിചാരിതമായ കാരണങ്ങളാൽ വൈകി ഓടിയിട്ടുള്ളതൊഴിച്ചാൽ പൊതുവെ സമയക്ലിപ്തത പാലിച്ചാണ് ഓടുന്നത്. തടസ്സങ്ങൾ പരമാവധി ഒഴിവാക്കി സമയത്തു തന്നെ ഈ ട്രെയിൻ ഓടുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് റെയിൽവേ നൽകിയിട്ടുണ്ട്. പ്രസ്തുത ട്രെയിനിന്റെ പിൻഭാഗത്ത് നിലവിലുള്ള വനിതാ കമ്പാർട്ട്മെന്റിന് പുറമേ മുൻഭാഗത്തും 40 സീറ്റുള്ള ഒരു കമ്പാർട്ട്മെന്റ് വനിതാ യാത്രക്കാർക്ക് മാത്രമായി ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് സതേൺ റെയിൽവേ ചീഫ് ഓപ്പറേഷൻസ് മാനേജർ അറിയിച്ചിട്ടുണ്ട്. എല്ലാ പാസഞ്ചർ ട്രെയിനുകളിലും വനിതകൾക്ക് മാത്രമായി കമ്പാർട്ട്മെന്റ് നിലവിലുണ്ട്. വനിതാ കമ്പാർട്ട്മെന്റിന്റെ എണ്ണം വർദ്ധിപ്പിക്കാൻ ജനറൽ കമ്പാർട്ട്മെന്റുകളുടെ എണ്ണം കുറയ്ക്കേണ്ടി വരുമെന്നതിനാൽ ഈ ആവശ്യം നടപ്പാക്കാൻ നിർവ്വാഹമില്ലെന്നും സതേൺ റെയിൽവേ ജനറൽ മാനേജർ അറിയിച്ചിട്ടുണ്ട്.<br>(15-1-2003-ലെ യോഗത്തിൽ അംഗീകരിച്ചു.) |

| 1 | 2 | 3 | 4 |
|---|---|---|---|
| | | ലോക്കൽ ട്രെയിനുകളിൽ ലേഡീസ് കമ്പാർട്ട്മെന്റുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണെന്ന് അഭിപ്രായപ്പെട്ടു. ആകയാൽ ട്രെയിനുകളിൽ ലേഡീസ് കമ്പാർട്ട്മെന്റുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| 14 | 135 | സ്വകാര്യ ആശുപത്രിയിൽ വച്ച് നടന്ന പ്രസവത്തോടനുബന്ധിച്ച് ശ്രീമതി മിനി മരിച്ചത് സംബന്ധിച്ച കേസിന്റെ അന്വേഷണം ത്വരിതഗതിയിൽ പൂർത്തിയാക്കി കുറ്റക്കാരായ ഡോക്ടർ മാർക്കെതിരെ കർശന ശിക്ഷാ നടപടിയെടുക്കണമെന്നും നഷ്ടപരിഹാരമായി ഒരു നിശ്ചിത തുക കുറ്റക്കാരിൽ നിന്നും ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **ആഭ്യന്തര വകുപ്പ്**<br><u>(26-10-2010-ലെ 50499/ജെ2/ 2005/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)</u><br>ശ്രീമതി മിനിയുടെ മരണവുമായി ബന്ധപ്പെട്ട് ഒല്ലൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 101/2000 സെഷൻ 304 ഐ.പി.സി. പ്രകാരം ഒരു കേസ്സെടുത്ത് അന്വേഷണം തൃശ്ശൂർ ഡിവൈ.എസ്.പി. നേരിട്ട് നടത്തിയിട്ടുള്ളതാണ്. പ്രതിസ്ഥാനത്തു ചേർക്കപ്പെട്ടവർ ഡോക്ടർമാരായതിനാൽ മരണകാരണത്തെക്കുറിച്ച് അപെക്സ് ബോഡിയോട് അഭിപ്രായം ആരായുകയും പ്രസ്തുത ബോഡിയുടെ അഭിപ്രായത്തിൽ മരണം ഡോക്ടർമാരുടെ അനാസ്ഥ കൊണ്ടല്ല എന്ന അഭിപ്രായം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പ്രസ്തുത കേസ് മിസ്റ്റേക്ക് ഓഫ് ഫാക്ട് ആയി റഫർ ചെയ്തുകൊണ്ടുള്ള അന്തിമ റിപ്പോർട്ട് 10-6-2003-ൽ തൃശ്ശൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ്-3 കോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണെന്ന് പോലീസ് ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു. (9-3-2011-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 15 | 136 | സ്വകാര്യ ആശുപത്രിയിൽ നടക്കുന്ന പ്രസവത്തോടനുബന്ധിച്ച മരണങ്ങൾ ഏറിവരുന്നതിനാൽ ഇത്തരം പരാതികൾക്കിടവരുന്ന സാഹചര്യങ്ങൾ വിലയിരുത്തുന്നതിനും പരിഹാരം കാണുന്നതിനും വകുപ്പുതലത്തിൽ നടപടി എടുക്കേണ്ടതുണ്ടെന്നും സ്വകാര്യ ആശുപത്രികളെയും നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്നും സമിതി അഭിപ്രായപ്പെട്ടു. | **ആരോഗ്യ കുടുംബക്ഷേമ വകുപ്പ്** <br> <u>23-6-2014-ലെ 21108/ജി2/2014/ആ.കു.വ. നമ്പർ കത്തിനോടൊപ്പം ലഭ്യമാക്കിയ റിപ്പോർട്ട്</u> <br> രാജ്യത്തെ ക്ലിനിക്കൽ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന സേവനങ്ങളുടേയും സൗകര്യങ്ങളുടേയും ഏറ്റവും കുറഞ്ഞ നിലവാരം നിർണ്ണയിച്ചുകൊണ്ട് ആതുര സേവന രംഗത്ത് ഐക്യരൂപം കൊണ്ടുവരുന്നതിന് ലക്ഷ്യമിട്ടാണ് സംസ്ഥാനത്തെ അംഗീകൃത ചികിത്സാ സമ്പ്രദായങ്ങളിൽ സേവനങ്ങൾ പ്രദാനം ചെയ്യുന്ന ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിയന്ത്രണത്തിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ |
| 16 | 137 | സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാരിൽ നിന്നോ മറ്റു സ്റ്റാഫുകളിൽ നിന്നോ ഉണ്ടാകുന്ന കൈപ്പിഴയോ അനാസ്ഥയോ മൂലമുണ്ടാകുന്ന കേസുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ഇവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ആവശ്യമായ നിയമ നിർമ്മാണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ചെയ്യുന്നതിനുള്ള കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ കൊണ്ടുവരുന്നത്. പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ക്ലിനിക്കൽ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന സേവനങ്ങളുടെയും സൗകര്യങ്ങളുടെയും ഏറ്റവും കുറഞ്ഞ നിലവാരം നിശ്ചയിക്കുന്ന തിനും അവയുടെ രജിസ്ട്രേഷനും നിയന്ത്രണത്തിനുമാണ് ബില്ലിൽ പ്രധാനമായി വ്യവസ്ഥ ചെയ്യുന്നത്. ഇതിന്റെ കരട് നിയമ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഗവർണ്ണറുടെയും മന്ത്രിസഭാ യോഗത്തിന്റെയും അനുമതി ലഭിച്ച ബിൽ MLA-മാർക്ക് സർക്കുലേറ്റ് ചെയ്തിരിക്കുകയാണ്. താമസംവിനാ ബിൽ നിയമസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്.<br>(17-9-2014-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.) |

ഭാഗം II

## സർക്കാരിൽ നിന്നും അനന്തര നടപടി റിപ്പോർട്ട് ലഭ്യമാകാത്ത ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ശിപാർശ | ബന്ധപ്പെട്ട വകുപ്പ് |
|---|---|---|---|
| 1 | 18 | പരാതിയിന്മേൽ അന്വേഷണം നടത്തുന്നതിനും റിപ്പോർട്ട് നൽകുന്നതിനും വർഷങ്ങളോളം സമയമെടുത്ത് പരാതിയുടെ ഗൗരവം കണക്കിലെടുക്കാതെ അന്വേഷണം ഒരു പ്രഹസനമാക്കി വ്യാജമായ റിപ്പോർട്ട് നൽകുന്ന രീതി അവസാനിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ആഭ്യന്തരം |
| 2 | 19 | പ്രതികളെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി സ്വന്തം ഉത്തരവാദിത്വംവരെ അടിയറ വയ്ക്കുന്ന പോലീസ് ഉദ്യോഗസ്ഥരെ പ്രതിസ്ഥാനത്താക്കി കേസ് എടുക്കേണ്ട താണെന്നും നിലവിലുള്ള നിയമങ്ങളിൽ ഇതിനാവശ്യമായ മാറ്റം വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ,, |

ഡോ. എൻ. ജയരാജ്,
*അദ്ധ്യക്ഷൻ,*
*സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

അനുബന്ധം

## സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മഹിളാ മന്ദിരങ്ങളെ സംബന്ധിച്ച വിശദവിവരം

| ക്രമ നമ്പർ | ജില്ല | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദവിവരം | മറ്റ് ക്ഷേമ സ്ഥാപനങ്ങളുടെ കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയുടെ വിശദവിവരം | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദവിവരം | കെട്ടിടം പണി നടക്കുന്ന സ്ഥാപനങ്ങളുടെ വിശദവിവരം | ഫോൺ കണക്ഷൻ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വിശദവിവരം | അഭിപ്രായം |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | തിരുവനന്തപുരം | സ്വന്തം കെട്ടിടം | | | | ഉണ്ട് | |
| 2 | കൊല്ലം | | | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു | | ലഭിച്ചിട്ടില്ല | കൊല്ലം കോർപ്പറേഷൻ കെട്ടിടം പണിയുന്നതിനായി ഈ വർഷം സ്ഥലം കണ്ടെത്തിയിട്ടുണ്ട് |
| 3 | പത്തനംതിട്ട | സ്വന്തം കെട്ടിടം | | | | ഉണ്ട് | |
| 4 | ആലപ്പുഴ | | | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു | സ്വന്തം കെട്ടിടത്തിന്റെ പണി നടന്നുവരുന്നു | ഉണ്ട് | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| 5 | കോട്ടയം | | | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു | സ്വന്തം കെട്ടിടത്തിന്റെ പണി നടന്നു വരുന്നു | ഉണ്ട് | |
| 6 | എറണാകുളം | സ്വന്തം കെട്ടിടം | | | | ഉണ്ട് | |
| 7 | തൃശ്ശൂർ | | തൃശ്ശൂർ ആശാ ഭവന്റെ കെട്ടിടത്തിൽ ഇപ്പോൾ സ്ഥാപനം പ്രവർത്തിച്ചുവരുന്നു | | തൃശ്ശൂർ ജുവനൈൽ ഹോം കോമ്പൗണ്ടിൽ കെട്ടിടം പണി നടക്കുന്നു | ഉണ്ട് | |
| 8 | പാലക്കാട് | | പാലക്കാട് ഒബ്സർവേഷൻ ഹോമിന്റെ കെട്ടിടത്തിൽ സ്ഥാപനം പ്രവർത്തിച്ചുവരുന്നു | | സ്വന്തം കെട്ടിടത്തിന്റെ പണി നടന്നു വരുന്നു | ഉണ്ട് | |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | മലപ്പുറം | | | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു | | ലഭിച്ചിട്ടില്ല | മഞ്ചേരി ബ്ലോക്ക് അധികൃതർ നാളിതുവരെ സ്ഥാപനത്തിന് കെട്ടിടം പണിയുന്നതിനായി സ്ഥലം കണ്ടെത്തി നൽകിയിട്ടില്ല |
| 10 | കോഴിക്കോട് | സ്വന്തം കെട്ടിടം | | | | ഉണ്ട് | |
| 11 | കണ്ണൂർ | സ്വന്തം കെട്ടിടം | | | | ഉണ്ട് | |
| 12 | കാസർഗോഡ് | | ഒബ്സർവേഷൻ ഹോമിന്റെ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു | | | ഉണ്ട് | പുതിയ കെട്ടിടത്തിന്റെ ആവശ്യമില്ല. സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടം മതിയാകും. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.